**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6376** **10-07-2024 - ൽ മറുപടിയ്ക്ക്**

**ആഴക്കടൽ മത്സ്യബന്ധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ആഴക്കടൽ മത്സ്യബന്ധനത്തിന് പോകുന്ന തദ്ദേശീയ യാനങ്ങളെ ആധുനികവൽക്കരിക്കുന്നതിനും പുതിയ യാനങ്ങൾ സ്വായത്തമാക്കാനും വേണ്ടി സർക്കാർ എന്തൊക്കെ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിലൂടെ ഉയർന്ന മൂല്യമുള്ള സമുദ്ര വിഭവങ്ങൾ ചൂഷണം ചെയ്ത് അവരുടെ വരുമാനം മെച്ചപ്പെടുത്താനും അതിലൂടെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനുമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) യിൽ ഉൾപ്പെടുത്തി 1.50 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൊച്ചിൻ ഷിപ്പ് യാർഡിന്റെ മാൽപെ കപ്പൽ നിർമ്മാണ ശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ 6 യാനങ്ങൾ ആദ്യഘട്ടമായി മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് വിതരണം ചെയ്ത് മത്സ്യബന്ധനത്തിലേർപ്പെട്ടു വരുന്നു. ബാക്കി 4 എണ്ണം നിർമ്മാണം പൂർത്തിയായി വിതരണത്തിന് തയ്യാറായിട്ടുണ്ട്. PMMSY 2023-24 യിൽ ഉൾപ്പെടുത്തി 1.20 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന 12 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പരമ്പരാഗത മത്സ്യത്തൊഴിലാളി കൾക്ക് കൂടുതൽ ബലവത്തായ FRP യാനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടു കൂടി 320 FRP യാനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 100 വീതം FRP യാനങ്ങൾ, (എൻജിനുകൾ, വല എന്നിവ ഉൾപ്പെടെ) യൂണിറ്റൊന്നിന് 5 ലക്ഷം രൂപ നിരക്കിൽ |

| | | | |
|---|---|---|---|
| | | | വിതരണം ചെയ്യുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിരുന്നു. ആയതു പൂർത്തീകരിച്ചു വരുന്നു.<br><br>'മത്സ്യബന്ധന യാനങ്ങളുടെ ആധുനികവത്കരണം' പദ്ധതിയിൽ ഉൾപ്പെടുത്തി 836 മത്സ്യബന്ധന യാനങ്ങളിൽ VHF മറൈൻ റേഡിയോ ഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുവരെ ആകെ 500 എണ്ണം VHF മറൈൻ റേഡിയോകൾ യാനങ്ങളിൽ ഘടിപ്പിച്ചു കഴിഞ്ഞു. 336 എണ്ണം ഘടിപ്പിക്കുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നു.<br><br>'മത്സ്യബന്ധന യാനങ്ങളുടെ ആധുനികവത്കരണം' പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24 ൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഫിഷ് ഫൈൻഡർ ഉള്ള 550 മൗണ്ടിംഗ് ജി.പി.എസുകളും നൽകിയിട്ടുണ്ട്. 'ആഴക്കടൽ മത്സ്യബന്ധനവും കടൽസുരക്ഷ ഉപകരണങ്ങളും' പദ്ധതി പ്രകാരം 2021-22 ൽ 777 (377 മൗണ്ടിംഗ് ജി.പി.എസും, 400 ഹാന്റ് ഹെൽഡ് ജി.പി.എസും) ജി.പി.എസുകളും, 2022-23 ൽ 548 ജി.പി.എസുകളും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്.<br><br>കൂടാതെ പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിലേക്കും അതുവഴി ആഴക്കടലിൽ നിന്നുള്ള അധിക വിഭവങ്ങൾ പരമ്പരാഗത മേഖലയ്ക്ക് പ്രയോജനപ്പെടുത്തുന്നതിലേക്കുമായി പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിനു അനുയോജ്യമായ വിവിധതരം ചൂണ്ടകളും നൂലും 75% സബ്സിഡി നൽകുന്ന പദ്ധതി 2023-24 ൽ നടപ്പിലാക്കി, 114 പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായി. |
| (ബി) | പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത്; വ്യക്തമാക്കാമോ? | (ബി) | പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിലൂടെ ഉയർന്ന മൂല്യമുള്ള സമുദ്ര വിഭവങ്ങൾ ചൂഷണം ചെയ്ത് അവരുടെ വരുമാനം മെച്ചപ്പെടുത്താനും അതിലൂടെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനുമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) യിൽ ഉൾപ്പെടുത്തി 1.50 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൊച്ചിൻ ഷിപ്പ് യാർഡിന്റെ |

മാൽപെ കപ്പൽ നിർമ്മാണ ശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ 6 യാനങ്ങൾ ആദ്യഘട്ടമായി മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് വിതരണം ചെയ്ത് മത്സ്യബന്ധനത്തിലേർപ്പെട്ടു വരുന്നു. ബാക്കി 4 എണ്ണം നിർമ്മാണം പൂർത്തിയായി വിതരണത്തിന് തയ്യാറായിട്ടുണ്ട്. PMMSY 2023-24 യിൽ ഉൾപ്പെടുത്തി 1.20 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന 12 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പരമ്പരാഗത മത്സ്യത്തൊഴിലാളി കൾക്ക് കൂടുതൽ ബലവത്തായ FRP യാനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടു കൂടി 320 FRP യാനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 100 വീതം FRP യാനങ്ങൾ, (എൻജിനുകൾ, വല എന്നിവ ഉൾപ്പെടെ) യൂണിറ്റൊന്നിന് 5 ലക്ഷം രൂപ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിരുന്നു. ആയതു പൂർത്തീകരിച്ചു വരുന്നു.

'മത്സ്യബന്ധന യാനങ്ങളുടെ ആധുനികവത്കരണം' പദ്ധതിയിൽ ഉൾപ്പെടുത്തി 836 മത്സ്യബന്ധന യാനങ്ങളിൽ VHF മറൈൻ റേഡിയോ ഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുവരെ ആകെ 500 എണ്ണം VHF മറൈൻ റേഡിയോകൾ യാനങ്ങളിൽ ഘടിപ്പിച്ചു കഴിഞ്ഞു. 336 എണ്ണം ഘടിപ്പിക്കുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നു.

'മത്സ്യബന്ധന യാനങ്ങളുടെ ആധുനികവത്കരണം' പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24 ൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഫിഷ് ഫൈൻഡർ ഉള്ള 550 മൗണ്ടിംഗ് ജി.പി.എസുകളും നൽകിയിട്ടുണ്ട്. 'ആഴക്കടൽ മത്സ്യബന്ധനവും കടൽസുരക്ഷ ഉപകരണങ്ങളും' പദ്ധതി പ്രകാരം 2021-22 ൽ 777 (377 മൗണ്ടിംഗ് ജി.പി.എസും, 400 ഹാന്റ് ഹെൽഡ് ജി.പി.എസും) ജി.പി.എസുകളും, 2022-23 ൽ 548 ജി.പി.എസുകളും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്.

കൂടാതെ പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിലേക്കും അതുവഴി ആഴക്കടലിൽ നിന്നുള്ള അധിക വിഭവങ്ങൾ പരമ്പരാഗത മേഖലയ്ക്ക്

| | | | |
|---|---|---|---|
| | | | പ്രയോജനപ്പെടുത്തുന്നതിലേക്കുമായി പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിനു അനുയോജ്യമായ വിവിധതരം ചൂണ്ടകളും നൂലും 75% സബ്സിഡി നൽകുന്ന പദ്ധതി 2023-24 ൽ നടപ്പിലാക്കി, 114 പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായി. |

സെക്ഷൻ ഓഫീസർ